LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി അപകടം

30 (2231) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി സമയങ്ങളിൽ ജീവനക്കാർക്ക് അപകടം സംഭവിക്കുന്നത് തടയാനും ആയത് ശ്രദ്ധിക്കാനും വൈദ്യുതി വകുപ്പിൽ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) ജീവനക്കാരുടെ സുരക്ഷയ്ക്കായി കെ.എസ്.ഇ.ബി.-യുടെ ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽ PTW (Permit To Work) നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ലെ സുരക്ഷാ ക്രമീകരണങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ ഓഫീസർമാരെ സുരക്ഷാ ചുമതല വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉല്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി 14 തരം വ്യത്യസ്ത സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ വിഭാഗത്തിൽ ജോലി ചെയ്യുന്ന കരാർ തൊഴിലാളികൾക്കും ഇവ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പരിശോധിച്ചുവരുന്നു. ജീവനക്കാരുടെ ഇടയിൽ സുരക്ഷാവബോധം വളർത്തുന്നതിനും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പരിശീലിപ്പിക്കുന്നതിനുമായി സുരക്ഷാ ക്ലാസ്സുകളും സേഫ്റ്റി മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ.-ലെ സുരക്ഷാ സംബന്ധമായ വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനുവേണ്ടി "SAFE KSEBL" എന്നൊരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അടുത്ത രണ്ടു വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കാര്യങ്ങൾകൂടി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു:

1. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും എ.ബി, സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, നിലവിലുള്ള അലൂമിനിയം കമ്പികൾ ഒഴിവാക്കി ACSR കമ്പികൾ ഉപയോഗിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ.

2. 11 കെ.വി.യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും നടത്തുക.

മേൽപ്പറഞ്ഞ കർമ്മപദ്ധതികളിലൂടെയും മറ്റ് നടപടികളിലൂടെയും വൈദ്യുത അപകടങ്ങൾ പരമാവധി ഒഴിവാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടേയും കരാർ തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്താനാണ് ലക്ഷ്യമിടുന്നത്.

വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

31 (2232) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും എന്തെല്ലാം പദ്ധതികളാണ് ഉൽപ്പാദനരംഗത്ത് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഇത്തരം പദ്ധതികളിൽ ഉൽപ്പാദനലക്ഷ്യം കൈവരിക്കാൻ സാധിക്കാതിരുന്നത് ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന വൈദ്യുത പദ്ധതികൾ താഴെപ്പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly